# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4175** **17/05/2017-ൽ മറുപടിക്ക്**

**സർക്കാർ ജീവനക്കാർ സർക്കാരിനെതിരെ പ്രതികരിക്കുന്നത് തടഞ്ഞ് കൊണ്ട് ഉത്തരവ്**

**ചോദ്യം**
ശ്രീ.വി.ഡി.സതീശൻ

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാർ സമൂഹമാദ്ധ്യമങ്ങളിൽക്കൂടിയും, പ്രിന്റ് മീഡിയയിൽക്കൂടിയും സർക്കാരിനെതിരെ പ്രതികരിക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | സർക്കാർ ജീവനക്കാർ ഏതെങ്കിലും സംഭാഷണത്തിലൂടെയോ,എഴുത്തിലൂടെയോ മറ്റുരീതിയിലോ, സർക്കാർ അനുവർത്തിക്കുന്ന നയത്തെയോ സർക്കാർ എടുക്കുന്ന നടപടികളെയോ, പൊതുജന മദ്ധ്യത്തിലോ, അസോസിയേഷനിലോ, സംഘത്തിലോ ചർച്ച ചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലാത്തതും അങ്ങനെയുള്ള ചർച്ചയിലോ വിമർശനത്തിലോ യാതൊരു രീതിയിലും പങ്കെടുക്കുവാനോ പാടില്ലാത്തതുമാണെന്ന് 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 60(എ) യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാതെ സർക്കാരിന്റെ നയപരമായ കാര്യങ്ങളെപ്പറ്റി സർക്കാർ ജീവനക്കാർ മാധ്യമങ്ങളിലൂടെ അഭിപ്രായ പ്രകടനം നടത്തുവാൻ പാടില്ലെന്നും 19.10.2012 ലെ 19469/ഉപ.സി2/2012/ഉഭപവ സർക്കുല- |
| (ബി) | ഇത്തരം ഒരു ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | റിലൂടെയും നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കാതെ സർക്കാർ ജീവനക്കാർ സാമൂഹ്യമാധ്യമങ്ങളിലൂടെയും, ദൃശ്യ- ശ്രവ്യ മാധ്യമങ്ങളിലൂടെയും സർക്കാർ നയങ്ങളെയും നടപടികളെയും കുറിച്ച് അഭിപ്രായപ്രകടനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ 31.01.2017 ലെ 78/ഉപ.സി2/2017/ഉഭപവ. സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**